കെ.പി സഈദ് ഉമരി
sayeedumari@gmail.com

# ദൈവസ്മരണയാൽ നയിക്കപ്പെടുന്ന ജീവിതം

عَنْ أَبِي مُوسَى الاشْعَرِي رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَثَلُ الَّذِي يَذْكُرُ رَبَّهُ وَالَّذِي لا يَذْكُرُ رَبَّهُ مَثَلُ الحَيِّ وَالمَيِّتِ

**അബൂ മൂസൽ അശ്അരി(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: 'തന്റെ നാഥനെ സ്മരിക്കുന്നവന്റെയും സ്മരിക്കാത്തവന്റെയും ഉപമ ജീവനുള്ളവന്റെയും ജീവനില്ലാത്തവന്റെയും ഉപമ പോലെയാണ്' (ബുഖാരി).**

ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്. അവനാണ് വിധാതാവും ഉടമസ്ഥനും. മനുഷ്യൻ അടിമയും അല്ലാഹു ഉടമയുമാണ്. ഇത് അറിഞ്ഞ് സമ്മതിക്കുന്നതോടെ മനുഷ്യനിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നു. അവൻ ദൈവത്തിനു മുമ്പിൽ ശിരസ്സ് നമിക്കുന്നു. ഓരോ ചലനത്തിലും ദൈവത്തെ കുറിച്ച ഓർമ ഉയിരെടുക്കുന്നു. ദൈവത്തിൽ പ്രതീക്ഷയർപ്പിക്കുന്നു. അവനുമായി അടുക്കുന്നു. സങ്കീർണ സന്ദർഭങ്ങളിൽ തന്നെത്തന്നെ ദൈവത്തിന് സമർപ്പിക്കുന്നു. ആവശ്യങ്ങളും അഭിലാഷങ്ങളും അവന്റെ മുമ്പിൽ തുറന്നുവെക്കുന്നു. കൈകൾ ഉയർത്തി പ്രാർഥിക്കുന്നു. അല്ലാഹുവിന്റെ അതിർവരമ്പുകൾ സൂക്ഷിക്കുന്നു. അബദ്ധം പറ്റുന്നതിനെ കുറിച്ച് അത്യന്തം ജാഗ്രത പാലിക്കുന്നു. ഈ ഓർമകളോടെ ജീവിക്കുന്നതിനെ തഖ്‌വ, ഖുശൂഅ്, ഇബാദത്ത്, ഇത്വാഅത്ത് തുടങ്ങി പല പദങ്ങൾ കൊണ്ട് വിവക്ഷിക്കാമെങ്കിലും ദൈവത്തെ ഓർക്കുന്നതുകൊണ്ടാണല്ലോ മനുഷ്യനിൽ മാറ്റം സംജാതമാകുന്നത്. അപ്പോൾ അതിനെ ദിക്റ്, അല്ലെങ്കിൽ ദിക്റുല്ലാഹ് എന്ന് പരിചയപ്പെടുത്താം.

ഈ നബിവചനത്തിലും ദിക്റുല്ലയെ കുറിച്ചാണ് പരാമർശം. ഒരു പ്രധാന പാഠഭേദത്തോടെ ഇമാം മുസ്‌ലിം ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. "തന്റെ നാഥൻ സ്മരിക്കപ്പെടുന്ന വീടിന്റെയും സ്മരിക്കപ്പെടാത്ത വീടിന്റെയും ഉദാഹരണം ജീവനുള്ളതിന്റെയും ജീവനില്ലാത്തതിന്റെയും ഉദാഹരണം പോലെയാണ്."

രണ്ട് ഹദീസുകളിലും പറയുന്നത് വ്യക്തിയിലും കുടുംബത്തിലും ദൈവസ്മരണ നിലനിൽക്കണമെന്നാണ്. അഥവാ ജീവിതത്തിലുടനീളം ദൈവബോധവും അവനെക്കുറിച്ച ഭയവും ഉണ്ടാവണം. തങ്ങളുടെ ഭവനങ്ങൾ ശ്മശാനമാക്കരുതെന്നും ഐഛിക നമസ്കാരങ്ങൾ കൊണ്ട് വീടുകൾ സജീവമാക്കണമെന്നും നബിവചനങ്ങളിൽ കാണാം.

ഖുർആനിലും നബിവചനങ്ങളിലും ദിക്റ് എന്ന പദം പലവട്ടം ആവർത്തിച്ചിട്ടുണ്ട്. നമസ്കാരം ഇസ്‌ലാമിൽ നിർബന്ധമായ ഇബാദത്താണ്. അതേക്കുറിച്ച് ദിക്റ് എന്നാണ് ഖുർആൻ പറയുന്നത് (20:14).

"അല്ലാഹുവിനെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം" എന്നു ഖുർആൻ (29:45) പറഞ്ഞിട്ടുണ്ട്.

അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനുള്ള മാധ്യമമാണ് ദിക്റ് എന്ന് ഒറ്റ വാക്കിൽ പറയാം (ഖുർആൻ: 76: 25,26).

കാലത്തും വൈകുന്നേരവും അല്ലാഹുവിനെ സ്മരിക്കുക എന്നു പറഞ്ഞാൽ എല്ലായ്പ്പോഴും അവനെ ഓർക്കുക എന്നാണർഥം. അഞ്ചു സമയങ്ങളിലെ നമസ്കാരത്തെയാണ് ഈ സൂക്തം സൂചിപ്പിക്കുന്നതെന്ന് പണ്ഡിതന്മാർ വിശദമാക്കിയിട്ടുണ്ട്.

മറ്റെന്തൊക്കെ ആരാധനകളുണ്ടെങ്കിലും അവയെല്ലാം നിർവഹിക്കേണ്ട പ്രത്യേക സമയമുണ്ട്. സമയത്ത് അത് നിർവഹിച്ചാൽ ആ ബാധ്യതയിൽനിന്ന് ഒഴിവായി. പക്ഷേ, ദിക്റുല്ലാഹ് സദാ നടന്നുകൊണ്ടിരിക്കേണ്ട പ്രക്രിയയാണ്. പള്ളികളിൽനിന്ന് നമസ്കാരം കഴിഞ്ഞ് ജീവസന്ധാരണത്തിനായി പുറത്തിറങ്ങി തങ്ങളുടെ തൊഴിലുകളിലേർപ്പെടുമ്പോഴും 'ധാരാളമായി അല്ലാഹുവിനെ സ്മരിക്കുക' എന്നാണ് ഖുർആൻ പറയുന്നത്. ഒരു നിമിഷം ദൈവഭയത്തിൽനിന്നും ബോധത്തിൽനിന്നും മനസ്സു തെറ്റിയാൽ അവിടെ പിശാച് കൂടുകെട്ടും (*മുജാദല*: 19).

ഒരാൾ അല്ലാഹുവിനെ ഓർക്കുമ്പോൾ അല്ലാഹു അവനെയും ഓർക്കും: "എന്നെ നിങ്ങൾ ഓർക്കുക, നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട് നിങ്ങൾ നന്ദിപ്രകാശിപ്പിക്കുക, നന്ദികേട് കാണിക്കാതിരിക്കുക" (*അൽബഖറ*: 152). 'തീർച്ചയായും നാമാണ് ഈ സ്മരണിക (ദിക്റ്) ഇറക്കിയത്. നാം തന്നെ അത് സൂക്ഷിക്കുന്നതാണ്' (*അൽ ഹിജ്ർ*: 9) എന്നും പറയുന്നു. ഖുർആനെക്കുറിച്ചാണ് ഇവിടെ ദിക്റ് എന്ന് പറഞ്ഞിട്ടുള്ളത്.

അബുദ്ദർദാഇന്റെ ഭാര്യ പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നു: 'അല്ലാഹുവിനെ കുറിച്ച സ്മരണ പരിമിതമല്ല. അതിന്റെ വൃത്തം വളരെ വിശാലമാണ്. ഒരാൾ നോമ്പനുഷ്ഠിക്കുമ്പോഴും മറ്റു നന്മകൾ ചെയ്യുമ്പോഴും തീർച്ചയായും അല്ലാഹുവിനെ സ്മരിക്കുക തന്നെയാണ്. അപ്രകാരം തന്നെ തിന്മ ചെയ്യാൻ അവസരമുണ്ടാകുമ്പോൾ മനുഷ്യൻ അതിൽനിന്ന് അകന്നു നിൽക്കുന്നതും ദൈവസ്മരണയുടെ ഫലമാണ്. അതിനാൽ ദൈവസ്മരണ സത്യവിശ്വാസിയുടെ ജീവിതത്തെ സമ്പൂർണമായി ഉൾക്കൊള്ളുന്നു.'

മുആദു ബ്നു അനസുൽ ജുഹ്നി റിപ്പോർട്ട് ചെയ്യുന്നു: ഒരാൾ നബി(സ)യോട് ചോദിച്ചു: 'തിരുദൂതരേ, മുജാഹിദുകളിൽ ഏറ്റവും മഹത്തായ പ്രതിഫലം നേടുന്നവർ ആരാണ്?' അവിടുന്ന് പറഞ്ഞു: 'അവരിൽ ഏറ്റവുമധികം അല്ലാഹുവിനെ സ്മരിക്കുന്നവർ.' അയാൾ ചോദിച്ചു: 'നോമ്പുകാരിൽ ഏറ്റവും പ്രതിഫലം നേടുന്നവർ ആരാണ്?' 'മഹോന്നതനായ അല്ലാഹുവിനെ ഏറ്റവും നന്നായി സ്മരിക്കുന്നവൻ.' പിന്നെ അയാൾ നമസ്കാരത്തെയും സകാത്തിനെയും ഹജ്ജിനെയും ദാനധർമത്തെയും കുറിച്ച് ചോദിച്ചു. എല്ലാറ്റിനും നബി(സ) പറഞ്ഞ മറുപടി, 'അവരിൽ ഏറ്റവുമധികം ദൈവത്തെ സ്മരിക്കുന്നവൻ' എന്നു തന്നെയായിരുന്നു (മുസ്നദ് അഹ്മദ്). ●